LIBRARY ARCHIVES Kerala Legislative Assembly

എതിരെയുള്ളതും കസ്റ്റഡി മരണത്തിന് ഉത്തരവാദികളായ ആഫീസർമാർക്കെതിരെയുള്ളതും ആയ കേസുകളിലും നഷ്ടപരിഹാരം നൽകാൻ ശിപാർശ ചെയ്തിട്ടുണ്ട്. 26-10-2007-ൽ മാതൃഭൂമിയിൽ വന്ന കസ്റ്റഡിമരണത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വമേധയാ കേസെടുക്കുകയും ആശ്രിതർക്ക് ഒരു ലക്ഷംരൂപ നൽകാൻ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

(ഡി) ഇപ്പോൾ പദ്ധതികൾ ഉണ്ട്. ബോധവൽക്കരണത്തിനായി സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കായി എല്ലാ ജില്ലകളിലും സെമിനാറുകൾ നടത്താറുണ്ട്. ഇതിൽ ആതുര ശുശ്രൂഷ ചെയ്യുന്നവർക്കും, തൊഴിലാളികൾക്കും, മാധ്യമ പ്രവർത്തകർക്കുമായി സെമിനാർ സംഘടിപ്പിച്ചിരുന്നു. കൂടാതെ എൻഡോസൾഫാൻ ദുരന്തത്തിന് പരിഹാരം കാണാനായും ഒരു സെമിനാർ സംഘടിപ്പിച്ചിരുന്നു.

(ഇ) മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശകളിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായി 20-11-2009-ലെ 157/2009/ നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിയമവകുപ്പ് സെക്രട്ടറി ചെയർമാനായും നിയമ വകുപ്പിലെ ബന്ധപ്പെട്ട അഡീഷണൽ സെക്രട്ടറി കൺവീനറായും മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി മെമ്പറായും ഒരു മോണിറ്ററിംഗ് കമ്മിറ്റി സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകളിന്മേലുള്ള തുടർനടപടികൾ അവലോകനം ചെയ്യുക എന്നതാണ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം. മനുഷ്യാവകാശ കമ്മീഷൻ വിവിധ ഹർജികളിന്മേൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ പല സർക്കാർ വകുപ്പുകളിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തിയ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുന്നതിന് വേണ്ടി പ്രസ്തുത വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗങ്ങൾ നടത്തിവരുന്നുണ്ട്.

കായിക പ്രതിഭാ വികസനത്തിനായുള്ള പദ്ധതികൾ

246 (1974) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായികപ്രതിഭാ വികസനത്തിന് പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു ;

(സി) പ്രസ്തുത പദ്ധതിക്ക് മറ്റ് ഏജൻസികളുടെ സഹായം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-സി) കായിക പ്രതിഭാ വികസനം ലക്ഷ്യമിട്ടുകൊണ്ട് സെന്റർ ഓഫ് എക്സലൻസ്, ഗോ ഫോർ ഗോൾഡ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

എലൈറ്റ് അത്ലറ്റിക് ട്രെയിനിംഗ് സെന്റർ (EATC) എന്ന പേരിൽ കായിക താരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ഒരു സ്ഥാപനം ഗോ ഫോർ ഗോൾഡ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതിനുപുറമേ വിവിധ കേന്ദ്രങ്ങളിലായി അത്ലറ്റിക്സ്, അക്വാട്ടിക്സ്, ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ എന്നിവയിൽ സെന്റർ ഫോർ എക്സലൻസ് ആരംഭിക്കുന്നതിനും കേരള സ്പോർട്സ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

കായികതാരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതി

247 (1975) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കായികതാരങ്ങൾക്ക് നിലവിൽ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് പെൻഷൻ നൽകി വരുന്നുണ്ട് ; എത്ര തുക വീതമാണ് നൽകിവരുന്നത് ;

(സി) പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ എത്രയായി വർദ്ധിപ്പിക്കുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 168 പേർക്ക്. അവകാശ കായികതാര പെൻഷൻ വയസ്സടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

70 വയസ്സിനുമുകളിൽ	-	1000 രൂപ
60 വയസ്സിനുമുകളിൽ	-	750 ,,
55 വയസ്സിനുമുകളിൽ	-	500 ,,

(സി) ഇല്ല

സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ

248 (1976) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള നിയമപ്രകാരം കേരള സ്പോർട്ട്സ് കൗൺസിലിൽ സെക്രട്ടറിയായി നിയമിക്കപ്പെടുന്നയാൾ സംസ്ഥാന സർവ്വീസിലെ ഏത് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കണമെന്നുള്ളത് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly